**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4521** **06-03-2023 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾ മുഖേന അഞ്ഞൂറ് ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുവാൻ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന ടി പദ്ധതി വഴി സംസ്ഥാനത്തെ തരിശു ഭൂമികളിൽ കൃഷി നടപ്പിലാക്കുക, ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാവുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) 2023 ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. |
| (ബി) | സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തിനായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തിനായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു<br><br><u>1.തിരുവനന്തപുരം</u><br><br>കർഷക സേവന കേന്ദ്രം, ആഗ്രോ ബസാർ, വളം കീടനാശിനി ഡിപ്പോ, ജൈവ പച്ചക്കറി കൃഷി,മത്സ്യ കൃഷി, ഗ്രാമീണ ചന്തകൾ, പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ, കോപ് മാർട്ടുകൾ എന്നിവ നടത്തുന്നു. കാർഷിക വായ്പ ,സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല തുടങ്ങിയ വായ്പ പദ്ധതികളും |

സ്ത്രീ ശാക്തീകരണവു മായി ബന്ധപ്പെട്ട് കുടുംബശ്രീ വായ്പ പദ്ധതിയും നടപ്പിലാക്കുന്നു.

2.കൊല്ലം

കർഷക സേവന കേന്ദ്രം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾ, നെൽകൃഷിക്ക് പലിശരഹിത വായ്പ, പച്ചത്തേങ്ങ സംഭരണം, വളം വിതരണം, സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക ,സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല തുടങ്ങിയ വായ്പ പദ്ധതികൾ, സുഭിക്ഷ കേരളം പദ്ധതി , സ്വയം തൊഴിൽ പദ്ധതികൾ, കർഷകർക്ക് 7 ശതമാനം പലിശയിൽ കെ. സി. സി. വായ്പ എന്നിവ നടപ്പിലാക്കുന്നു.

3.പത്തനംതിട്ട

കർഷക സേവന കേന്ദ്രം നടത്തുന്നു. കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, വളം വിത്ത് കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾക്കായി അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതി രൂപീകരിക്കൽ, നെൽകൃഷിക്ക് പലിശരഹിത വായ്പ, സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക എന്നിവ നടപ്പിലാക്കുന്നു.

4.ആലപ്പുഴ

കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, കർഷക സേവന കേന്ദ്രം, കാർഷിക പരിശീലന കേന്ദ്രം എന്നിവ നടത്തുന്നു. ഗ്രാമീണ ചന്തകൾ നടത്തുന്നു.

5.കോട്ടയം

കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു. കോപ് മാർട്ടുകൾ നടത്തുന്നു. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി പദ്ധതി, കാർഷിക നേഴ്സറി, ഗ്രാമീണ ചന്ത എന്നിവ നടത്തുന്നു .

6.ഇടുക്കി

കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കർഷക സേവന കേന്ദ്രം നടത്തുന്നു.

കാർഷിക ഉൽപ്പെന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ എന്നിവ നടത്തുന്നു,കാർഷിക നേഴ്സറി, പോളീ ഹൗസ് എന്നിവ നടത്തിവരുന്നു.

7.എറണാകുളം

കൃഷിക്കൊപ്പം കളമശേരി പദ്ധതിവഴി കൃഷി നടപ്പാക്കുന്നു അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു, കോപ് മാർട്ടുകൾ നടത്തുന്നു. കാർഷിക നേഴ്സറി, ഗ്രാമീണ ചന്ത എന്നിവ നടത്തുന്നു .

8.തൃശ്ശൂർ

കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു. കാർഷിക ഉൽപ്പെന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, കർഷക സേവന കേന്ദ്രം, ഗ്രമീണ ചന്തകൾ എന്നിവ നടത്തുന്നു.

9.പാലക്കാട്

കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു ഗ്രമീണ ചന്തകൾ,പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ, കോപ് മാർട്ടുകൾ എന്നിവ നടത്തുന്നു. കാർഷിക വായ്പ, സ്വർണ്ണപ്പണയ വായ്പ, മുറ്റത്തെ മുല്ല കൂടാതെ സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുക എന്നിവ നടപ്പിലാക്കുന്നു. നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു.

10.മലപ്പുറം

നെൽകൃഷിക്ക് പലിശരഹിത വായ്പ, സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു.

11.വയനാട്

കർഷക സേവന കേന്ദ്രം, കാർഷിക സംഭരണ വിപണന കേന്ദ്രങ്ങൾ,നെൽകൃഷിക്ക് പലിശരഹിത

| | | | |
|---|---|---|---|
| | | | വായ്പ, പച്ചത്തേങ്ങ സംഭരണം, വളം വിതരണം, സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു ഗ്രാമീണ ചന്തകൾ നടത്തുന്നു .<br><br><u>12 കോഴിക്കോട്</u><br><br>കാർഷിക നേഴ്സറി , ഗ്രാമീൺ മാർക്കറ്റ് ,വളം ഡിപ്പോ , കർഷക സേവന കേന്ദ്രം എന്നിവ നടത്തുന്നു .സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നു ,സംഘങ്ങൾ നാളികേര കോംപ്ലക്സ് നടത്തിവരുന്നു.<br><br><u>13 കണ്ണൂർ</u><br><br>നെൽകൃഷിക്ക് പലിശരഹിത വായ്പ കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ നൽകുന്നു. സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നു. സർക്കാരിന്റെ നൂറ് ദിന പദ്ധതിയുടെ ഭാഗമായി 500 ഏക്കർ സ്ഥലത്ത് കൃഷി പദ്ധതിയുടെ ഭാഗമായി തരിശു ഭൂമി ഏറ്റെടുത്ത് കൃഷിയിറക്കുന്നു ഗ്രാമീണ ചന്തകൾ നടത്തുന്നു<br><br><u>14കാസർഗോഡ്</u><br><br>സുഭിക്ഷ കേരളം പദ്ധതി ,കർഷകർക്ക് പലിശരഹിത വായ്പ , കർഷക സേവന കേന്ദ്രം, പച്ചക്കറി സംഭരണ വിപണന കേന്ദ്രങ്ങൾ എന്നിവ നടത്തുന്നു |
| (സി) | കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും, പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണെന്ന് ചുവടെ വിവരിക്കുന്നു<br><br>**1. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി**യുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുന്നു. |

നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം രൂപീകരിച്ചു.സംഘത്തിന്റെ അധീനതയിൽ പാലക്കാട് റൈസ് മിൽ മാതൃകയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു.

2022-2023 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ **"സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി"** ആരംഭിച്ചിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു .

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, (വീട്ടു പടിക്കൽ ശേഖരണം) സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ചുവടെ പറയുന്ന ഉപഘടകങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**2. സമഗ്ര കാർഷിക വികസന പദ്ധതി (PACS വഴി)**

പ്രാഥമിക സംഘങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശത്തെ പുരയിടങ്ങളെ ഉപയോഗപ്പെടുത്തി, കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ടി വലുതും ചെറുതുമായ പച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ് കൃഷി എന്നിവയിലൂടെ കാർഷിക വിളകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയും കാർഷിക ഉത്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കിയും, അതോടൊപ്പം കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നിവയെ പരിപോഷിപ്പിച്ചുകൊണ്ടും കർഷകർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് ഭക്ഷ്യസ്വയംപര്യാപ്തത

കൈവരിക്കാൻ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

**3. കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ**

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ സംഘങ്ങൾ എന്നിവയുടെ കീഴിലുള്ള നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും, സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പിഎ/സ.എസ/എഫ.എസ്സി.ബി./എഫ്.എസ്.സി.എസ് നെ പ്രോത്സാഹിപ്പിക്കുന്നതിനും, കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘത്തിനെയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുള്ളത്.

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**4. കാർഷിക ഉൽപ്പാദനം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ**

ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് നേരിട്ട് കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണ- സംസ്കരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ വിപണികളിലൂടെ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**5. ഗ്രാമീൺ മാർക്കറ്റുകൾ / പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ**

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ പ്രദേശത്തെ അംഗീകൃത പി.എ.സി.എസ് ന്റെ നേതൃത്വത്തിൽ ഈ പദ്ധതി

നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഈ ഉപഘടക പദ്ധതിയിൽ ഗ്രാമീണ ചന്തകളെ സഹായിക്കുന്നതിനായി ഓരോ ചന്തക്കും 10.00 ലക്ഷം രൂപ വീതം നീക്കിവച്ചിരിക്കുന്നു. .

ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 110.00 ലക്ഷം രൂപ വകയിരുകത്തിയിട്ടുണ്ട്.

**6. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം**

ഓരോ ജില്ലകളിലും ഉത്പ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും, പാലക്കാട് നെല്ല് സംഭരണ, സംസ്കരണ വിപണന സഹകരണ സംഘത്തിനും (PAPCOS), കേരള നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിനുള്ള(KAPCOS) സഹായവും ഈ ഉപ പദ്ധതിക്ക് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

**7.കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ**
വിളവെടുപ്പിന് ശേഷമുള്ള വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള സംഭരണവും, സംസ്കരണവും, വിപണനവും നിറവേറ്റുന്നതിനായി വിപണന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. . ഉപഘടകത്തിന്റെ മേൽ പറഞ്ഞ പ്രവർത്തികൾക്കായി 500.00 ലക്ഷം രൂപ വകയിരുകത്തിയിട്ടുണ്ട്.

**8. കാർഷിക ഉൽപ്പാദനം വർദ്ധി പ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി - കർഷക സേവന കേന്ദ്രം (എഫ്.എസ്.സി) ശക്തിപ്പെടുത്തൽ**

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക

| | | | |
|---|---|---|---|
| | | | സേവന കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ ശക്തിപ്പെടുത്തുന്നതിനും, പുതുതായി തുടങ്ങുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ